## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

## പോലീസ് സേനാംഗങ്ങളുടെ ക്രിമിനൽ കേസ്സുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :212 | 09.06.2014-ൽ മറുപടി

ചോദ്യം | മറുപടി

ശ്രീ.വി.ചെന്താമരാക്ഷൻ | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പോലീസുകാർ പ്രതികളായ എത്ര സ്ത്രീ പീഡനക്കേസുകളും ബലാത്സംഗക്കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | പോലീസുകാർ പ്രതികളായ 115 സ്ത്രീ പീഡനക്കേസുകളും (ബലാത്സംഗക്കേസ്സുകൾ ഉൾപ്പെടെ) 13 ബലാത്സംഗക്കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ പ്രതികളായ എത്ര പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | 86 പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ കാലയളവിൽ പോലീസ് സേനയിൽ സ്വഭാവദൂഷ്യത്തിനോ മറ്റ് കുറ്റകൃത്യങ്ങളുടെ പേരിലോ അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാരുടെ എണ്ണം ലഭ്യമാക്കാമോ ; | 3044 |
| (ഡി) | ഇവരിൽ പിരിച്ചുവിടപ്പെട്ടവരെത്ര ; സസ്പെൻഷന് വിധേയരായവരെത്ര ; സ്ഥലം മാറ്റപ്പെട്ടവരെത്ര ; വ്യക്തമാക്കാമോ ? | ഇവരിൽ 60 പേരെ പിരിച്ചുവിട്ടിട്ടുണ്ട്. 1205 പേർ സസ്പെൻഷനിലാണ്. 316 പേരെ സ്ഥലംമാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ